(സി) ഉണ്ട്.

(ഡി) 2003-04 വർഷത്തിൽ കൃഷിവകുപ്പുമുഖേന 150 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് സംസ്ഥാന പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി. 2 ഹെക്ടർ പച്ചക്കറി കൃഷി ചെയ്യുന്ന ഹരിത സംഘങ്ങൾക്ക് ഹെക്ടറിന് 8,000 രൂപ വീതം നൽകി. സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം, പച്ചക്കറി കിറ്റ് വിതരണം, ജില്ലാതല ട്രെയിനിംഗുകൾ എന്നിവയും പദ്ധതിവഴി നടപ്പിലാക്കി. കേന്ദ്രാവിഷ്ക്കൃത പദ്ധതി വഴി ഫാമുകളിലെ പച്ചക്കറി വിത്തുല്പാദനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം, പച്ചക്കറി വിത്തുല്പാദനം, പരമ്പരാഗത പച്ചക്കറി കൃഷി പ്രോൽസാഹനം, ശീതകാല പച്ചക്കറികളുടെ ജൈവകൃഷിയിലൂടെയുള്ള ഉൽപ്പാദനം പ്രോൽസാഹിപ്പിക്കൽ, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ നിർമ്മിക്കുക, വിപണനം ശക്തിപ്പെടുത്തുക തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കാർഷിക കയറ്റുമതി മേഖലയ്ക്കായി അനുവദിച്ച തുക കയറ്റുമതിക്കായുള്ള പച്ചക്കറി കൃഷി വിസ്തൃതി വ്യാപനം, ജില്ലാ നഴ്സറികൾ എന്നിവക്കായി നീക്കിവച്ചു. ഇവ കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കർഷകരുടെ സ്വാശ്രയ ഗ്രൂപ്പുകളിലൂടെ പച്ചക്കറി കൃഷി വികസന വിപണന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

നെൽക്കൃഷിക്കാർക്ക് നൽകിയ സഹായങ്ങൾ

*10 [70] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

„ തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽപ്പാടങ്ങളാണ് തരിശുകിടക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ;

(ബി) തരിശുകിടന്നിരുന്ന പാടശേഖരങ്ങൾ കൃഷിചെയ്യുവാനായി ഈ സർക്കാർ നെൽകർഷകർക്ക് നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതുമൂലം എത്ര ടൺ നെല്ലുല്പാദനം വർദ്ധിച്ചെന്നും എത്ര തൊഴിൽ ദിനങ്ങൾ അധികമായി ലഭിച്ചെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): (എ) ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുപ്രകാരം 2001-02 വർഷം സംസ്ഥാനത്ത് 77853 ഹെക്ടർ നെൽപ്പാടങ്ങൾ തരിശുകിടക്കുന്നതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	വിസ്തീർണ്ണം (ഹെക്ടർ)
തിരുവനന്തപുരം	1298
കൊല്ലം	3183
പത്തനംതിട്ട	3998
ആലപ്പുഴ	11179
കോട്ടയം	4687
ഇടുക്കി	1305
എറണാകുളം	5987
തൃശ്ശൂർ	8689
പാലക്കാട്	14415
മലപ്പുറം	10121
കോഴിക്കോട്	2458
വയനാട്	2168
കണ്ണൂർ	4374
കാസർഗോഡ്	3991

(ബി, സി) തരിശുകിടന്നിരുന്ന പാടശേഖരങ്ങൾ കൃഷിചെയ്യുവാനായി ഇപ്പോൾ പദ്ധതികൾ നിലവിലില്ല. കുട്ടനാട്ടിലെ അറുന്നൂറോളം വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത്പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടപ്പിലാകുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നതോടെ ഈ പ്രദേശത്തെ തരിശുനിലങ്ങൾ ഒരളവിൽ കൃഷിയോഗ്യമാകും.

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി

*11 [71] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. പി. ജയരാജൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയും വരൾച്ചയും മൂലം സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly